# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ്- ഐ.സി.പി.എസ് - ഓ.ആർ.സി - കോട്ടയം പ്രോജക്ട് അസിസ്റ്റന്റിന്റെ 2020 ഒക്ടോബർ 19 മുതൽ 2021 ഫെബ്രുവരി മാസം വരെയുള്ള വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 09.07.2019 ലെ സർക്കാർ ഉത്തരവ്.സ.ഉ.(അച്ചടി) നം.81/2019/ധന
(2) 19.06.2020 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.241/2020/SJD
(3) 23.06.2020 ലെ കോട്ടയം ഡി.സി.പി.ഒ. യുടെ കത്ത് നം.ഡി.സി.പി.യു.(കെ)/1616/2020

## ഉത്തരവ് നമ്പർ ICPS 4(C)/1196/20 തീയതി : 12.11.2020

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായി ജില്ലാ ഓഫീസിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ടിക്കുന്ന പ്രോജക്ട് അസിസ്റ്റന്റുമാർക്ക് പരാമർശം (1) പ്രകാരം പ്രതിമാസം 21,850/- രൂപ നിരക്കിലാണ് വേതനം നൽകി വരുന്നത്. സൂചന (2) പ്രകാരം ഓ.ആർ.സി.ക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. സൂചന (3) പ്രകാരം കോട്ടയത്ത് നിയമിതനായിരിക്കുന്ന പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനത്തിനായി കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 2020 ഒക്ടോബർ 19 മുതൽ 2021 ഫെബ്രുവരി മാസം വരെയുള്ള വേതനം അനുവദിക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ ഓ.ആർ.സി. യുടെ പ്രോജക്ട് അസിസ്റ്റന്റായി കോട്ടയം ജില്ലയിൽ നിയമിതനായിരിക്കുന്ന ശ്രീ.നിജിൽ.പി. ക്ക് 19.10.2020 മുതൽ 31.10.2020 വരെ യുള്ള വേതനമായ 9163/- രൂപയും 2020 നവംബർ മാസം മുതൽ 2021 ഫെബ്രുവരി മാസം വരെ യുള്ള വേതനമായി പ്രതിമാസം 21,850/- രൂപ വീതം (21,850*4) 87,400/- രൂപയും ചേർത്ത് ആകെ **96,563/-** രൂപ **(തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോട്ടയം | 96,563/- |
| | ആകെ തുക | **96,563/-** |

മേൽപട്ടിക പ്രകാരമുള്ള തുക ഓ.ആർ.സി യുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ആകെ **96,563/- (തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം)** വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുക കോട്ടയം ഡി.സി.പി.ഒ. യ്ക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ജില്ലയിലെ ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റിനു വേതനം അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി,SCPS

പകർപ്പ്:

1. ജില്ലാ വനിത ശിശു വികസന ഓഫീസർ~~മാർക്കും~~ (കോട്ടയം)
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ~~മാർക്ക~~ും. (കോട്ടയം)
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
4. ICPS 4
5. സ്റ്റോക്ക്ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്